പണികൾക്ക് കൃത്യമായി ആവശ്യമായ തുകകൾ ലഭ്യമാക്കി പണികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്. അതിനായി സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്ര റെയിൽവേ മന്ത്രാലയത്തിലും റെയിൽവേയുടെ എല്ലാ തലങ്ങളിലും സമ്മർദ്ദം ചെലുത്തുന്നുമുണ്ട്. കൂടാതെ എല്ലാ പാർലമെന്റ് സമ്മേളനങ്ങൾക്കും മുന്നോടിയായി കേരളത്തിലെ ലോക്സഭാ, രാജ്യസഭാ എം.പി.-മാരുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും റെയിൽവേ വികസനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ചർച്ച ചെയ്യുകയും എം.പി.-മാർ മുഖേന പാർലമെന്റിലും സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഉയർത്തി വേണ്ട സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ റെയിൽവേ സ്റ്റേഷനുകൾ വികസിപ്പിക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റ് പ്രഖ്യാപനപ്രകാരം മൊത്തം 10 കോടിയോളം രൂപ സംസ്ഥാന സർക്കാർ നൽകി. കൊല്ലം, കോട്ടയം എറണാകുളം നോർത്ത് സൗത്ത്, തൃശ്ശൂർ, കോഴിക്കോട് എന്നീ സ്റ്റേഷൻ വികസനങ്ങൾക്കായാണ് ഈ തുക നൽകിയിട്ടുള്ളത്. പണികൾക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. അതൊടൊപ്പം സംസ്ഥാനത്ത് സബർബൻ റെയിൽ പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്രസർക്കാരുമായി 50:50 ഓഹരിയുള്ള കൂട്ടുസംരംഭത്തിന് അനുമതി പ്രത്യേകമായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ എറണാകുളം ജില്ലയിലെ റെയിൽവേ വികസനത്തിനായി നിരവധി പദ്ധതികളും DEMU/MEMU സർവ്വീസുകൾ ആരംഭിക്കുവാനും റെയിൽവേയുമായി ധാരണയായിട്ടുണ്ട്. ഇവയിൽ എറണാകുളം ആലുവ റൂട്ടിൽ DEMU സർവ്വീസ് ഇതിനകം ആരംഭിച്ചുകഴിഞ്ഞു.

പാലക്കാട് പൊള്ളാച്ചി റെയിൽവേ ഗതാഗതം

85(2286) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്-പൊള്ളാച്ചി റെയിൽവേ ഗതാഗതം യാഥാർത്ഥ്യമായ സാഹചര്യത്തിൽ ആലത്തൂരിൽ ഒരു റിസർവേഷൻ കൗണ്ടർ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) ഇതിനായി സംസ്ഥാന സർക്കാർ റെയിൽവേ അധികൃതരുമായി ചർച്ച നടത്തുമോ ;

(സി) ഇത്തരം പൊതുജനതാല്പര്യ വിഷയങ്ങൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന സാങ്കേതികമായ തടസ്സങ്ങൾ മാറ്റി നിർത്തുവാനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആലത്തൂരിനടുത്തായുള്ള വടക്കഞ്ചേരി, നെന്മാറ എന്നീ സ്ഥലങ്ങളിൽ എം.പി.-മാരുടെ 1000 PRS പദ്ധതി പ്രകാരം അനുവദിച്ച Non Rail Head Passenger Reservation System (NRHPRS) പ്രവർത്തിക്കുന്നുണ്ട്. ഇത്തരത്തിൽ പുതിയ കൗണ്ടറുകൾക്ക് അനുമതി നൽകേണ്ടത് റെയിൽവേ ബോർഡാണ്.

(ബി &സി) ആലത്തൂരിന് വളരെ അടുത്തായുള്ള വടക്കഞ്ചേരി, നെന്മാറ എന്നീ സ്ഥലങ്ങളിൽ റിസർവേഷൻ സൗകര്യം നിലവിലുള്ള സ്ഥിതിക്ക് ആലത്തൂരിൽ നിന്നുള്ളവർക്ക് പ്രസ്തുത സ്ഥലങ്ങളിലെ റിസർവേഷൻ സൗകര്യം ഉപയോഗപ്പെടുത്താൻ കഴിയുമെന്നതിനാൽ ഇക്കാര്യം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

പോസ്റ്റൽ സേവനങ്ങളിൽ പുതിയ പദ്ധതികൾ

86(2287) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവമാധ്യമങ്ങളുടെയും ആധുനിക വാർത്താ വിനിമയ സംവിധാനങ്ങളുടെയും വളർച്ചയുടെ ഈ ഘട്ടത്തിൽ പോസ്റ്റൽ സേവനങ്ങളെ സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്ക് അനുസൃതമായി മാറ്റുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) അൻപത് പൈസമുടക്കി അയയ്ക്കുന്ന ഒരു പോസ്റ്റ് കാർഡിൽ വിവരങ്ങൾ പേന കൊണ്ടെഴുതിയാൽ മാത്രമേ അയയ്ക്കാനാവൂ എന്നും അതിൽ പ്രിൻറ് ചെയ്താൽ കൂടുതൽ പണം അടയ്ക്കണമെന്നുമുള്ള നിർദ്ദേശങ്ങളിൽ ഇളവ് വരുത്തുവാൻ വേണ്ട നിർദ്ദേശം നൽകുമോ;

(സി) കാർഷികോത്പന്നങ്ങൾ വില്പനയുടെ ഭാഗമായി അയയ്ക്കുന്നതിന് ഉപയോഗപ്പെടുത്തുന്നതുപോലെ, കേരളത്തിൽ പോസ്റ്റൽ വകുപ്പിന്റെ സഹായത്താൽ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാമാണെന്നും അതിന്റെ സേവന വ്യവസ്ഥകൾ എപ്രകാരമാണെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ സർക്കാർ പ്രത്യേകമായി നിർദ്ദേശങ്ങളൊന്നും സമർപ്പിച്ചിട്ടില്ല. നിലവിലുള്ള പോസ്റ്റൽ സേവനങ്ങളിൽ മാറ്റം വരുത്തുന്നത് കേന്ദ്ര പോസ്റ്റൽ വകുപ്പ് കൈക്കൊള്ളുന്ന നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്.

(ബി) ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിനു കേന്ദ്ര സർക്കാർ വകുപ്പിന് നിർദ്ദേശം നൽകാൻ കഴിയുകയില്ല. എന്നാൽ ഈ വിഷയം കേരള പോസ്റ്റൽ സർക്കിൾ പോസ്റ്റൽ ഡറയക്ടറേറ്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.